**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2447. 19.07.2016 ൽ മറുപടിയ്ക്ക്.**

**<u>വാഹനങ്ങളിൽ ഉപയോഗിക്കാവുന്ന ഹോണുകൾ</u>**

| | ചോദ്യം<br>ശ്രീ.ഡി.കെ. മുരളി | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | വിവിധ വിഭാഗം വാഹനങ്ങളിൽ ഉപയോഗിക്കാവുന്ന ഹോണുകൾക്ക് നിശ്ചയിച്ചിട്ടുള്ള ഡെസിബൽ എത്ര വീതമാണെന്നുള്ളതിനെ സംബന്ധിച്ച് എന്തെങ്കിലും നിയമം നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | നിലവിലുണ്ട്. 1989 ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടം 119(1) പ്രകാരം വാഹനങ്ങളിൽ ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ്സ് നിഷ്കർഷിച്ചിട്ടുള്ള IS : 1884-1993 മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള ഇലക്ട്രിക് ഹോൺ മാത്രമേ ഘടിപ്പിക്കാവൂ. IS :1884 -1993 പ്രകാരം മോപ്പഡുകൾ, സ്കൂട്ടറുകൾ, മാഗ്നറ്റോ സിസ്റ്റം ഉള്ള മോട്ടോർ സൈക്കിളുകൾ എന്നിവയ്ക്കായി നിഷ്കർഷിച്ചിരിക്കുന്ന ടൈപ്പ് -1 എ സി ഹോണിന് നിഷ്കർഷിച്ചിട്ടുള്ളത് 85 മുതൽ 105 വരെ 'ഡെസിബെൽ' ആണ്. സ്റ്റോറേജ് ബാറ്ററി ഉപയോഗിക്കുന്ന ഇരു ചക്ര വാഹനങ്ങൾക്കും, മുച്ചക്ര വാഹനങ്ങൾക്കും നിഷ്കർഷിച്ചിട്ടുള്ള ടൈപ്പ് -2 എ ഡി സി ഹോണിന് നിഷ്കർഷിട്ടുള്ളത് 90 മുതൽ 115 വരെ 'ഡെസി ബെൽ' ആണ്. ഡിസി സിസ്റ്റമുള്ള പാസഞ്ചർ കാറുകൾക്കും കൊമേഴ്സ്യൽ വാഹനങ്ങൾക്കും നിഷ്കർഷിച്ചിട്ടുള്ള ടൈപ്പ് |

| | | | |
|---|---|---|---|
| | | | -2 എ ഡി സി ഹോണുകൾക്ക് നിഷ്കർഷിച്ചിട്ടുള്ളത് 100 മുതൽ 125 വരെ 'ഡെസിബെൽ' ആണ്. പാസഞ്ചർ കാറുകൾക്കും കൊമേഴ്സ്യൽ വാഹനങ്ങൾക്കും നിഷ്കർഷിച്ചിട്ടുള്ള വിൻഡ് ടോൺ ടൈപ്പിലുള്ള 3 ഡി സി ഹോണുകൾക്ക് നിഷ്കർഷിച്ചിട്ടുള്ളത് 105 മുതൽ 125 വരെ 'ഡെസിബെൽ' ആണ്. |
| (ബി) | അനുവദനീയമല്ലാത്ത ഹോണുകൾ ഉപയോഗിച്ചതിന് കഴിഞ്ഞ പത്തുവർഷക്കാലയളവിൽ എത്ര വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) | 72744 വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | കേൾവിശക്തിയെ ബാധിക്കുന്ന തരത്തിലുള്ള ഹോണുകൾ ഉപയോഗിക്കുന്ന വാഹനങ്ങൾ കണ്ടെത്തി അവ നീക്കം ചെയ്യുന്നതിനും ശിക്ഷാ നടപടികൾ സ്വീകരിക്കുന്ന തിനും തയ്യാറാകുമോ; | (സി) | അനധികൃതമായി ഹോണുകൾ ഉപയോഗിക്കുന്ന വാഹനങ്ങൾക്കെതിരെ നിയമപ്രകാരമുള്ള ശിക്ഷാ നടപടികൾ നിലവിൽ സ്വീകരിച്ചു വരുന്നുണ്ട്. |
| (ഡി) | അനുവദനീയമല്ലാത്ത ആവൃത്തിയിൽ പ്രവർത്തിക്കുന്ന ഹോണുകൾ ഘടിപ്പിച്ചിട്ടുള്ള സർക്കാർ വാഹനങ്ങളിൽ നിന്നും അടിയന്തരമായി അവ നീക്കം ചെയ്യുന്നതിന് എല്ലാ വകുപ്പുകൾക്കും സത്വര നിർദ്ദേശം നൽകുമോ? | (ഡി) | അനുവദനീയമല്ലാത്ത ആവൃത്തിയിൽ പ്രവർത്തിക്കുന്ന ഹോണുകൾ ഘടിപ്പിച്ചിട്ടുള്ള സർക്കാർ വാഹനങ്ങൾക്കെതിരെയും നിയമപരമായി നടപടി എടുക്കുകയും അവ നീക്കം ചെയ്യുന്നതിന് നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.